# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5199 26.03.2018 ൽ മറുപടിക്ക്

**ദേശീയ പാത വികസനത്തിന്റെ ഭാഗമായുള്ള പുനരധിവാസം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയ പാത നാലുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ചേലേമ്പ്ര പഞ്ചായത്തിൽ നിലവിലെ റോഡിൽ നിന്ന് മാറി അലൈൻമെന്റ് പോകുമ്പോൾ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരും; പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) ദേശീയപാതാ 66 ന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടന്റ് സമർപ്പിച്ച വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) പ്രകാരം മലപ്പുറം ജില്ലയിലെ ചേലേമ്പ്ര പഞ്ചായത്തിൽ 42 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരും |
| (ബി) എ.ആർ. നഗറിൽ കൊളപ്പുറത്ത് ദേശീയപാത നാലുവരിപ്പാതയാക്കുമ്പോൾ കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരുമോ ; ഉണ്ടെങ്കിൽ കുടുംബങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) കൺസൾട്ടന്റ് സമർപ്പിച്ച വിശദമായ പദ്ധതി രൂപരേഖ(ഡി.പി.ആർ) പ്രകാരം കൊളപ്പുറത്തെ എ.ആർ നഗറിൽ 24 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും |
| (സി) ഇത്തരത്തിൽ കുടിയൊഴിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നുണ്ടോ; | (സി) റവന്യൂ വകുപ്പിന്റെ 29.12.2017 ലെ സ ഉ (കൈ) നം.448/2017 റവന്യൂ പ്രകാരമാണ് സംസ്ഥാന സർക്കാരിന്റെ പുനരധിവാസ പുനസ്ഥാപന പോളിസി (Rehabilitation and Resettlement Policy) തീരുമാനിക്കുന്നത്. |

| | | |
|---|---|---|
| (ഡി) | നാലുവരിപാത വികസനത്തിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം പൊതുസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ പൊളിക്കേണ്ടി വരും ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ അതിർത്തി നിർണ്ണയം പൂർത്തിയായതിനു ശേഷം മാത്രമേ ഏതെങ്കിലും പൊതു സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ പൊളിച്ചു കളയേണ്ടി വരുമോ എന്ന് അറിയിക്കാൻ കഴിയൂ. നിലവിൽ ആരാധനാലയങ്ങൾ ഉൾപ്പെടുന്നതായ വിവരം ലഭിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**